നടപടി സ്വീകരിക്കേണ്ടതാണ്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കാസർഗോഡ് നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. സുർജിത് കെ സോമന്റെ സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.809/2024/LSGD   തീയതി,തിരുവനന്തപുരം, 08-05-2024

---

പരാമർശം:-

1. എൻക്വയറി കമ്മീഷണർ&സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി യുടെ 30.06.2017 ലെ സിസി1-120/16നമ്പർ വിധിന്യായം
2. 26.03.2021 തീയതിയിലെ സ.ഉ.(സാധാ) നം. 784/2021/തസ്വഭവ.
3. ശ്രീ. സുർജിത് കെ സോമൻ ബഹു,ഹൈക്കോടതിയിൽ ഫയൽ ചെയ്ത CRL A No. 613/17 നമ്പർ കേസിലെ 20.12.2023 തീയതിയിലെ അന്തിമ വിധിന്യായം

**<u>ഉത്തരവ്</u>**

ജനനസർട്ടിഫിക്കറ്റിൽ പേരിന്റെ ഇനിഷ്യൽ തിരുത്തുന്നതിന് ഓഫീസിൽ എത്തിയ വ്യക്തിയിൽ നിന്ന് കൈക്കൂലി വാങ്ങിയതിന് കാസർഗോഡ് നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ സുർജിത് കെ സോമനെ വിജിലൻസ് അറസ്റ്റ് ചെയ്യുകയുണ്ടായി. തുടർന്ന് തലശ്ശേരി എൻക്വയറി കമ്മീഷണർ&സ്പെഷ്യൽ ജഡ്ജിന്റെ 30.06.2017 ലെ വിധിന്യായപ്രകാരം ടിയാനെ ഒരു വർഷത്തെ സാധാരണതടവിനും 10000/- രൂപ പിഴയൊടുക്കുന്നതിനും ശിക്ഷിച്ചിരുന്നു. പരാമർശം - 2 ഉത്തരവ് പ്രകാരം സുർജിത് കെ സോമനെ സർവിസിൽ നിന്ന് സസ്പെൻഡ് ചെയ്തിരുന്നു . തുടർന്ന് ശ്രീ. സുർജിത് കെ സോമനെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കുകയുണ്ടായി. അന്തിമതീരുമാനം കൈക്കൊണ്ടിരുന്നില്ല.

2. പരാമർശം - 1 വിധിന്യായത്തിനതിരേ ശ്രീ. സുർജിത് കെ സോമൻ ബഹു .ഹൈക്കോടതിയിൽ ഫയൽ ചെയ്ത CRL.MA No. 3653/17 in CRL A No. 613/17 നമ്പർ കേസിൽ ,13.07.2017 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാലവിധിയിൽ ജയിൽശിക്ഷ അനുഭവിക്കുന്നതിൽ നിന്ന് ശ്രീ. സുർജിത് കെ സോമനെ ഒഴിവാക്കി. പരാമർശം-3 അന്തിമ വിധിന്യായം പ്രകാരം, ആരോപിക്കപ്പെട്ടിരുന്ന കുറ്റങ്ങളിൽ നിന്ന് ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം

ബഹു. ഹൈക്കോടതിയുടെ പരാമർശം 3 വിധിന്യായത്തിൽ PC Act -ന്റെ Section 7, Demand എന്നത് സംശയാതീതമായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ വിജയിച്ചിട്ടില്ല എന്നും അതിനാൽ പരാതിക്കാരന്/പ്രതിക്ക് സംശയത്തിന്റെ ആനുകൂല്യത്തിന് അർഹതയുണ്ട് എന്നും, ആരോപിക്കപ്പെടുന്ന കുറ്റങ്ങളിൽ കുറ്റവിമുക്തനാക്കിയിട്ടുള്ളതാണ് എന്നും വ്യക്തമാക്കിയിരിക്കുന്നു. മേൽപ്രകാരം കുറ്റവിമുക്തനാക്കിയത് Honourable acquittal ആയി പരിഗണിക്കാവുന്നതാണ് എന്നതിനാൽ പരാമർശം 3 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ സുർജിത് കെ സോമനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുന്നതിൽ തടസ്സമില്ല എന്ന് കണ്ടെത്തുകയുണ്ടായി.

3. മേൽസാഹചര്യത്തിൽ ശ്രീ സുർജിത് കെ സോമന്റെ സസ്പെൻഷൻ പിൻവലിച്ച് ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ. സുർജിത് കെ സോമന് ഉചിതമായ നിയമനം നൽകുന്നതിനും ടിയാൻ സർവ്വീസിൽ പുനഃപ്രവേശിക്കുന്ന തീയതി സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.സുർജിത് കെ സോമൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കല്ലാനിക്കൽ വീട്,
എൻ.ആർ.സിറ്റി പോസ്റ്റ്, രാജാക്കാട്, ഇടുക്കി ജില്ല - 685566 (രജി. തപാൽ മുഖാന്തിരം)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 08-05-2024 12:31:11
സെക്ഷൻ ഓഫീസർ